# കേരള സർവകലാശാല

നം.പി.ആർ.268/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ജൂലൈ 2019, 2008 സ്കീം അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി 2019 ഡിസംബർ 27 വരെ അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2019 ജനുവരിയിൽ നടത്തിയ ബി.ആർക്ക് (2008 സ്കീം) മൂന്നാം സെമസ്റ്റർ സപ്ലിമെന്ററി, ബി.ആർക്ക് അഞ്ചാം സെമസ്റ്റർ (2013 സ്കീം) സപ്ലിമെന്ററി, 2019 ഫെബ്രുവരിയിൽ നടത്തിയ ബിആർക്ക് നാലാം സെമസ്റ്റർ (2013 സ്കീം) സപ്ലിമെന്ററി, 2019 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി എന്നീ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷി ച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ x)2019 ഡിസംബർ 18 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാ കേണ്ടതാണ്.

### ത്രിദിന മൾട്ടി ഡിസിപ്ലിനറി ദേശീയ സെമിനാർ

സർവകലാശാല ഗവേഷക വിദ്യാർത്ഥി യൂണിയനും ഐ.ക്യു.എ.സിയും സംയുക്തമായി 2019 ഡിസംബർ 19, 20, 21 തീയതികളിൽ നടത്താനിരുന്ന ത്രിദിന മൾട്ടി ഡിസിപ്ലിനറി ദേശീയ സെമിനാർ 2020 ജനുവരി 14, 15, 16 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഭാഷ – കല എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് സെമിനാർ നടക്കുന്നത്. ആയതി നാൽ പേപ്പറിന്റെ പ്രാഥമിക രൂപരേഖ (സംഗ്രഹം) സമർപ്പിക്കുന്നതിനുള്ള തീയതി ഡിസംബർ 26 നും പൂർണ്ണ രൂപത്തിലുള്ള പ്രബന്ധം 2020 ജനുവരി 7 നും സമർപ്പിക്കേണ്ടതാണ്. ഗവേഷ കർക്ക് തങ്ങളുടെ ഗവേഷണ വിഷയവുമായി ബന്ധപ്പെട്ട പേപ്പറുകൾ അയക്കാവുന്നതാണ്. സ്വീകരിക്കപ്പെടുന്ന പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിച്ചതിനുശേഷം ഐ.എസ്.ബി.എൻ നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിക്കുന്നതാണ്. നേരത്തെ സംഗ്രഹം അയച്ചവർ വീണ്ടും അയയ്ക്കേണ്ടതില്ല. രജിസ്ട്രേഷൻ ഫീസ് 100 രൂപ. പ്രബന്ധങ്ങൾ അയക്കാനും കൂടുതൽ വിവരങ്ങൾക്കും 9446035844, 8075327250 Email: researchstudentsunionku@gmail.com

തിരുവനന്തപുരം,
17.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**